പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.5250 | 24.10.2011 -ൽ മറുപടിക്ക്

## വ്യാജ വാഹന രജിസ്ട്രേഷനുകൾ

| ചോദ്യം<br>ശ്രീ. റ്റി.വി. രാജേഷ് | | ഉത്തരം<br>ശ്രീ. വി.എസ്.ശിവകുമാർ<br>ഗതാഗതവും ദേവസ്വവും വകുപ്പ് മന്ത്രി |
|---|---|---|
| (എ) മാഹിയിൽ വ്യാജവിലാസം നൽകി കേരളത്തിലുള്ളവർ ഇരു ചക്രവാഹനം മുതൽ ലോറി വരെയുള്ള ധാരാളം വാഹനങ്ങൾ രജിസ്ട്രേഷൻ നടത്തുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) വ്യാജ രജിസ്ട്രേഷനുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന ഏജൻസികളെ കണ്ടെത്താൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; | (ബി) | മാഹി, പോണ്ടിച്ചേരി, എന്നിവിടങ്ങളിൽ വ്യാജ മേൽവിലാസം ഉപയോഗിച്ച് വാഹനം രജിസ്റ്റർ ചെയ്യുന്നു എന്ന വാർത്തയുമായി ബന്ധപ്പെട്ട വിഷയത്തിൽ നടപടികൾ സ്വീകരിക്കുന്നതിന്റെ ഭാഗമായി 01.04.2007 ന് ശേഷം മാഹി റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസിൽ രജിസ്റ്റർ ചെയ്ത വാഹനങ്ങളുടെ വിശദ വിവരങ്ങൾ ശേഖരിക്കുവാൻ വടകര റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. കേരളത്തിലെ സ്ഥിരം താമസക്കാർ ഉപയോഗിക്കുന്നതും പുതുച്ചേരിയിൽ രജിസ്റ്റർ ചെയ്തിട്ടുള്ളതുമായ വാഹനങ്ങളുടെ വിവരങ്ങൾ ലഭ്യമായാൽ വടകര റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസറെ അറിയിക്കണമെന്ന് നിർദ്ദേശിച്ചുകൊണ്ടുള്ള ഒരു പത്രക്കുറിപ്പ് പ്രമുഖ ദിനപത്രങ്ങളിൽ പ്രസിദ്ധീകരിക്കുന്നതിനായി പബ്ലിക് റിലേഷൻസ് വകുപ്പിലേക്ക് അയച്ചു നൽകിയിട്ടുണ്ട്.<br><br>വ്യാജ വിലാസം ഉപയോഗിച്ച് വാഹനങ്ങൾ രജിസ്റ്റർ ചെയ്യുന്നുണ്ടെന്ന പത്രവാർത്തകൾ ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് കർണ്ണാടകയിലെയും തമിഴ്നാട്ടിലെയും ട്രാൻസ്പോർട്ട് കമ്മീഷണർമാരോട് ഇതിനെക്കുറിച്ചന്വേഷിച്ച് നടപടി സ്വീകരിക്കുവാൻ |

| | | |
|---|---|---|
| | | ആവശ്യപ്പെട്ടിട്ടുണ്ട്. മറ്റു സംസ്ഥാനങ്ങളിൽ വാഹനങ്ങൾ രജിസ്റ്റർ ചെയ്യുന്നതിനുള്ള അഡ്രസ്സ് പ്രൂഫ് പരിശോധിക്കുന്നതിന് മോട്ടോർ വാഹന വകുപ്പിന് പരിമിതികളുണ്ട്. എന്നിരുന്നാലും അന്യ സംസ്ഥാനങ്ങളിൽ രജിസ്റ്റർ ചെയ്ത് സംസ്ഥാനത്തിനുള്ളിൽ മാത്രം സർവ്വീസ് നടത്തുന്ന നാഷണൽ പെർമിറ്റ് ഉൾപ്പെടെയുള്ള വാഹനങ്ങളെ നിരീക്ഷിക്കുവാനും മോട്ടോർ വാഹന നിയമങ്ങളും ചട്ടങ്ങളും അനുശാസിക്കുന്ന വിധത്തിലുള്ള നടപടി സ്വീകരിക്കുവാനും എല്ലാ ആർ.ടി.ഓ മാർക്കും ജോയിന്റ് ആർ.ടി.ഓ മാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (സി) ഇതുമൂലം സർക്കാരിന് എത്ര രൂപയുടെ നഷ്ടം സംഭവിച്ചിട്ടുണ്ട്; വിശദാംശം നൽകുമോ? | (സി) | സംസ്ഥാനത്ത് സ്പീഡ് ഗവർണർ നിർബന്ധമാക്കിയതും മോട്ടോർ വാഹന നികുതി ഒടുക്കുന്നതിന് തൊഴിലാളി ക്ഷേമനിധി വിഹിതം ഒടുക്കുന്നത് നിർബന്ധമാക്കിയതും 1500 സിസിയിൽ കൂടുതലുള്ള വാഹനങ്ങൾക്ക് ആജീവനാന്ത നികുതി 8% മായി വർദ്ധിപ്പിച്ചതും മറ്റ് സംസ്ഥാനങ്ങളിൽ വാഹനം രജിസ്റ്റർ ചെയ്യുന്നതിന് കാരണമാകുന്നുണ്ട്. അന്യസംസ്ഥാനത്ത് രജിസ്റ്റർ ചെയ്ത് സംസ്ഥാനത്ത് സർവ്വീസ് നടത്തുന്ന വാഹനങ്ങളുടെ പരിശോധന കർശനമാക്കിയിട്ടുണ്ട്. ഇത്തരത്തിലുള്ള വാഹനങ്ങളുടെ വിശദാംശം ലഭ്യമായാൽ മാത്രമേ സർക്കാരിന് എത്ര രൂപ നഷ്ടം സംഭവിച്ചിട്ടുണ്ട് എന്ന് മനസ്സിലാക്കാൻ സാധിക്കുകയുള്ളൂ. ഇന്നത്തെ സാഹചര്യത്തിൽ ഇത് കൃത്യമായി കണ്ടെത്തുക പ്രായോഗികമായി ബുദ്ധിമുട്ടാണ്. |

സെക്ഷൻ ഓഫീസർ